# ...വരുന്നൂ, അന്തകൻ വിത്തുകൾ

സി.കെ.സുജിത്കുമാർ

...കൾ എന്ന പേരുകേട്ട് പേടിക്കേണ്ട, ...ഇതിലും പേടിപ്പെടുത്തുന്ന മറ്റൊരു ...ടിയന്റ് – ടെർമിനേറ്റർ ജീൻ. അതായത് ...നിപ്പിക്കുന്ന അല്ലെങ്കിൽ ഉന്മൂലനം ...ചെയ്ത് എന്നർത്ഥം.

...നേറ്റർ ജീൻ ആരെയോ അന്തകൻ തന്നെ ...ക്കാക്കെ പറയാം, ഒരു സീസണിൽ ...ടുത്ത വിളവിൽനിന്നും സൂക്ഷിച്ച ...ടുത്ത തവണ മുളച്ച് വീണ്ടും ഉത്പാ...താണ്. എന്നാൽ, ടെർമിനേറ്റർ ജീൻ ... അന്തകൻ വിത്തുകൾ ഒരൊറ്റത്തവ...ളയ്ക്കുകയുള്ളൂ. ആ വിളയിൽനിന്ന് ...ണ്ടും സംഭരിച്ചാൽ അത് കിളിർക്കുക... ...ക്കത്തിൽ ടെർമിനേറ്റർ ജീൻ ...ണ്ട വിത്തുപയോഗിച്ച് ഒരിക്കൽ കൃഷി ...ർക്ക് അടുത്ത വിളവിറക്കണമെന്നുണ്ടെ... ...അന്തകൻ വിത്തുല്പാദിപ്പിക്കുന്ന കമ്പ...നിയെ ആശ്രയിക്കേണ്ടിവരും.

...നേറ്റർ ജീനിന്റെ അന്തകസ്വഭാവം ഇവി...ടെയും തീരുന്നില്ല. അന്തകൻ വിത്തുകളുടെ ...ടം മനസ്സിലാക്കി കർഷകർ അവ ഒഴിവാ...ക്കിയതുകൊണ്ടും ഫലമില്ല. ടെർമിനേറ്റർ ...കരണ സ്വഭാവം അന്തകൻ വിത്തു...പയോഗിക്കുന്ന ചെടികളിൽനിന്നും പരപ...രാഗണം വഴി സമീപത്തുള്ള മറ്റു വിളകളിലേക്കും ...പടരുമെന്ന് അറിയാൻ കഴിയുന്നു.

...രിക്കൻ കൃഷിവകുപ്പും (യുണൈറ്റഡ് ...ഡിപാർട്ട്മെന്റ്ഓഫ് അഗ്രികൾച്ചർ) അമേ...രിക്കയിലെ ഒന്ന പ്രമുഖമായൊരു വിത്തുല്പാ...ദന കമ്പനിയും (ഡൽറ്റ ആൻഡ് പൈൻലാൻഡ്) ...ആണ് ടെർമിനേറ്റർ ജീൻ വികസിപ്പിച്ചെടു...ത്ത് പേറ്റന്റ് എടുത്തുകഴിഞ്ഞുവെന്നും ...ടെർമിനേറ്റർ ജീൻ ഉപയോഗിച്ചുള്ള ...ങ്ങൾ മെനയുന്നത് മൊൺസാന്റോ ...ബഹുരാഷ്ട്ര കമ്പനിയാണ്. 2004 ...നേറ്റർ ജീൻ ഉൾക്കൊണ്ട വിത്തു...കൾ വിപണിയിൽ ഇറങ്ങിത്തുടങ്ങും. ...ൽ പരുത്തിയിലും പുകയിലയിലു...ം ടെർമിനേറ്റർ സാങ്കേതികവിദ്യ പരീക്ഷി...



...രാജ്യങ്ങളിലെ ചെറുകിട കർഷകർ 140 കോടി വരും. ഇവർ എന്തുവിത്ത് കൃഷി ചെയ്യണമെന്ന് തീരുമാനിക്കാനുള്ള അധികാരം കൈകളിലെത്തി ച്ചേരുകയെന്നത് സാമ്പത്തികമായി ചില്ലറ കാര്യ മൊന്നുമല്ലല്ലോ. ടെർമിനേറ്റർ ജീൻ കുത്തകക മ്പനികളുടെ ഈ ദുഷ്ടലാക്ക് എളുപ്പമാക്കി തീർക്കും.

ടെർമിനേറ്റർ ജീൻ ഇന്ത്യൻ കാർഷികമേഖ ലയിൽ എത്തിച്ചേരുകയാണെങ്കിൽ അത് ഗുരു തരമായ പ്രത്യാഘാതങ്ങൾക്കിടയാക്കുമെന്ന് പല വിദഗ്ധരും മുന്നറിയിപ്പ് നല്കുന്നു. ഇന്ത്യൻ കാർഷിക ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ (IARI) ഡയറക്ടർ ഡോ. ആർ.ബി.സിംഗ്, ഡോ. എം.എസ്.സ്വാമിനാഥൻ തുടങ്ങിയ പല പ്രമുഖരും ടെർമിനേറ്റർ ജീനിനെ എതിർക്കുന്നവരാണ്. കേന്ദ്ര കൃഷിവകുപ്പ് സഹമന്ത്രി സോംപാലും ഈ ജീനുകളുടെ അപകടത്തെക്കുറിച്ച് സംസാ രിച്ചുകഴിഞ്ഞു. ടെർമിനേറ്റർ സാങ്കേതികവിദ്യ കർഷകന് പ്രയോജനമൊന്നും ചെയ്തില്ലെന്നും അവരെ പരാശ്രയത്തിലേക്കും ദുരിതത്തിലേക്കും തള്ളിയിടുക മാത്രമേ അത് ചെയ്യുകയുള്ളൂ എന്നും ഡോ. ആർ.സി.സിംഗ് അഭിപ്രായപ്പെടുന്നു.

ഇന്ത്യയിലെ ഭൂരിഭാഗം കർഷകരും വിത്ത്, വരും വർഷത്തേക്ക് സൂക്ഷിച്ചുവെച്ച് കൃഷി ചെയ്യു ന്നവരാണ്. വിത്തിനെ അമൂല്യമായും ആരാധന യോടെയുമാണ് ഇന്ത്യൻ പാരമ്പര്യം വീക്ഷിക്കു ന്നത്. അതുകൊണ്ടുതന്നെ വിത്തിന്റെ അടി സ്ഥാന സ്വഭാവം ഇല്ലായ്മ ചെയ്യുന്ന, അതിന്റെ പാവനതയെ കശാപ്പുചെയ്യുന്ന കച്ചവട താത്പ ര്യങ്ങളെ ചോദ്യം ചെയ്യേണ്ടിയിരിക്കുന്നു.

ഹൈടെക് വിത്തുകളും ഹരിതവിപ്ലവവും ജൈവസാങ്കേതികവിദ്യയൊക്കെയുമായി പാശ്ചാത്യ ബഹുരാഷ്ട്ര കുത്തകകമ്പനികൾ മേൽക്കോയ്മ നേടാൻ ഏറെക്കാലമായി കഠിന പരിശ്രമം ചെയ്തുകൊണ്ടിരിക്കുകയാണെങ്കിലും ഇന്ത്യയിലേയും ചൈനയിലേയുമൊന്നും കാർഷി കരംഗത്തെ തച്ചുതകർക്കാനോ തങ്ങളുടെ ചൊൽപ്പടിയിൽ പൂർണമായി കൊണ്ടുവരാനോ അവർക്കായിട്ടില്ല. ഇന്ത്യയിലേയും ചൈനയിലേ യുമൊക്കെ അതിശക്തമായ കാർഷിക പാരമ്പ ര്യവും കാർഷിക വൈവിധ്യവും പാശ്ചാത്യ കമ്പ നികൾക്ക് ഇന്നും ഒരു കീറാമുട്ടിയാണ്.

ഇന്നലെവരെ തങ്ങൾക്കു സാധ്യമാവാത്തത് ഇന്നല്ലെങ്കിൽ നാളെ സാധ്യമാക്കിയെടുക്കാനും അതുവഴി കോടിക്കണക്കിന് ഡോളർ ലാഭമുണ്ടാ ക്കാനുമുള്ള കൊണ്ടുപിടിച്ച ശ്രമത്തിലാണ് കുത്തക കമ്പനികൾ. ടെർമിനേറ്റർ ജീൻ അവ രുടെ പാത പുഷ്പം വിരിച്ചതാക്കി തീർക്കുമെ ന്നുള്ളത് തീർച്ചയാണ്. നിലനിൽപ്പിനുള്ള ഏക പ്രതീക്ഷയായ വിത്ത് നഷ്ടപ്പെടുന്ന ഇന്ത്യയിലെ യഥാർത്ഥ കർഷകരുടെ ദയനീയതയെ കുറി ച്ചൊന്നു ചിന്തിച്ചുനോക്കൂ. ഓരോ തവണയും വിത്തിനുവേണ്ടി കമ്പനികളെ ആശ്രയിക്കേണ്ടി വരുന്നതോടെ നമ്മുടെ ഭക്ഷ്യസുരക്ഷിതത്വവും ഭക്ഷണ സ്വയംപര്യാപ്തതയും നഷ്ടപ്പെടുന്നു വെന്നുള്ളത് വ്യക്തമാണ്.

ഇതുവരെ പുകയില, പരുത്തി എന്നീ പരപ രാഗണം നടക്കാത്തവിളകളിൽ മാത്രമേ ടെർമി നേറ്റർ ജീൻ എത്തിയിട്ടുള്ളൂ. എന്നാൽ പരപരാ ഗണം നടക്കുന്ന നെല്ലിലും ഗോതമ്പിലും മറ്റു ഭക്ഷ്യവിളകളിലും ഈ സാങ്കേതികവിദ്യ ഉടൻ പ്രാവർത്തികമാക്കുമെന്നു കേൾക്കുന്നു. ഇതാ ണെങ്കിൽ മുഖ്യമായും ഇന്ത്യൻ വിപണിയെ ലക്ഷ്യംവെച്ചുകൊണ്ടാണ്.

കീഴടക്കലിന്റെ പുതിയ നീതിശാസ്ത്രവുമായി ടെർമിനേറ്റർ ജീൻ എന്ന ആയുധവും ഏന്തി അമേരിക്കയിലെ മൊൺസാന്റോ കമ്പനി ഇന്ത്യൻ കാർഷിക മേഖലയുടെ പടിവാതിലിലെത്തിക്ക ഴിഞ്ഞു. ഇന്ത്യൻ വിത്തുല്പാദക (കുത്തക) കമ്പ നിയായ 'മൈക്കോ' എന്ന സ്ഥാപനവുമായി മൊൺസാന്റോ ഇതിനോടകം തന്നെ കരാറിലെ ത്തിക്കഴിഞ്ഞിട്ടുണ്ട്.